വനിതാ ഹെൽപ്പ് ലൈൻ

19(*49) ശ്രീ. സാജു പോൾ :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പോലീസിന്റെ വനിത ഹെൽപ്പ് ലൈനിൽനിന്നും എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നത്;

(ബി) സംസ്ഥാനത്ത് എത്ര വനിത ഹെൽപ്പ് ലൈൻ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്;

(സി) സ്ത്രീകളുടെ സുരക്ഷയുമായി ബന്ധപ്പെട്ട എന്തെല്ലാം നടപടികൾ പരിഗണിച്ചാണ് വനിത ഹെൽപ്പ് ലൈൻ പദ്ധതിക്ക് അന്തർദ്ദേശീയ അവാർഡ് ലഭിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പെൺകുട്ടികളുടെ സുരക്ഷയ്ക്കായി എത്ര സ്കൂളുകളിലും കോളേജുകളിലും പോലീസ് സഹകരണത്തോടെ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്;

(ഇ) ഇവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ,

(എ) പോലീസിന്റെ വനിതാ ഹെൽപ്പ് ലൈനിൽനിന്നും താഴെ പറയുന്ന സേവനങ്ങൾ ലഭ്യമാകുന്നതാണ്.

(1) സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിന് 24 മണിക്കൂറും കൺട്രോൾ റൂം പ്രവർത്തിക്കുന്നു. ടെലിഫോണിലൂടെയോ, നേരിട്ടോ ലഭിക്കുന്ന പരാതിയിന്മേൽ നടപടി സ്വീകരിക്കുന്നു.

(2) പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്യപ്പെടേണ്ടതാണെങ്കിൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലേക്ക് കൈമാറുന്നു.

(3) ഗാർഹിക പീഡനവുമായി ബന്ധപ്പെട്ട പരാതികളിൽ ജില്ലാ പ്രൊബേഷൻ ഓഫീസർമാർക്ക് റിപ്പോർട്ട് അയയ്ക്കുന്നു.

(4) കൗൺസിലിംഗ് ആവശ്യമായ പരാതികളിൽ പ്രൊഫഷണൽ കൗൺസിലർമാരുടെ സേവനം ലഭ്യമാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(5) അശരണരും അഗതികളുമായ കുട്ടികളേയും സ്ത്രീകളേയും ഷോർട്ട് സ്റ്റേ ഹോമിലും (തണൽ) വൃദ്ധ സദനങ്ങളിലും എൽപ്പിക്കുന്നു.

(6) സ്ത്രീ സംഘടനകളുമായി സഹകരിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു.

(7) സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിനായി ബസ്സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ തുടങ്ങിയ തിരക്കേറിയ സ്ഥലങ്ങളിൽ പോലീസ് പട്രോൾ, ഷാഡോ പട്രോൾ, സ്ത്രീ സൗഹാർദ്ദ പ്രീപെയ്ഡ് ഓട്ടോ സർവ്വീസ് തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) 17 എണ്ണം.

(സി) കേരളത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതിയുടെ ഭാഗമായി സമൂഹത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് വനിതാ ഹെൽപ്പ്ലൈൻ ഉൾപ്പെടെയുള്ള പദ്ധതികളിലൂടെ നൽകിയ ഫലപ്രദമായ സംഭാവനകൾ കൂടി കണക്കിലെടുത്ത് International Association of Women Police (IAWP)-ന്റെ International Award 2012 ലഭിക്കുകയുണ്ടായി. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനും തടയുന്നതിനും പോലീസ് സ്റ്റേഷനുകളിലും മറ്റ് ഓഫീസുകളിലും വനിതാ ഹെൽപ്പ്ലൈൻ പദ്ധതിയിൽകൂടി സാധിച്ചിട്ടുണ്ട്. ജനമൈത്രി പദ്ധതിയുടെ ഭാഗമായി പോലീസ് സ്റ്റേഷനുകളിൽ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുള്ളതാണ്.

(ഡി) 520 സ്കൂളുകളിലും 76 കോളേജുകളിലും 2 പോളിടെക്നിക്കുകളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(ഇ) വിലയിരുത്താറുണ്ട്. സ്കൂളുകളിലും കോളേജുകളിലും പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. മൊബൈൽ-ഇന്റർനെറ്റ് ദുരുപയോഗം, ലൈംഗിക പീഡനം തുടങ്ങിയവയെക്കുറിച്ച് വനിതാ സെല്ലിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസുകൾ നടത്താറുണ്ട്. കൂടാതെ പൂവാല ശല്യം, ബസ്സ് യാത്രയ്ക്കിടയിലുണ്ടാകുന്ന പ്രശ്നങ്ങൾ, പരീക്ഷയുമായി ബന്ധപ്പെട്ട മാനസിക പ്രശ്നങ്ങൾ എന്നിവയ്ക്ക് പരിഹാരം കാണുന്നതിന് വനിതാ ഹെൽപ്പ് ലൈൻ, ക്രൈം സ്റ്റോപ്പർ, കൺട്രോൾ റൂം എന്നിവയുടെ പ്രവർത്തനങ്ങളിലൂടെ ശ്രമിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly